**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2739** **13-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതിക്കാരെന്ന വ്യാജരേഖ ചമച്ച് സർക്കാർ ജോലി നേടിയവർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികജാതിക്കാരെന്ന വ്യാജരേഖ ചമച്ച് സർക്കാർ ജോലി നേടിയ നിരവധി പേർ നിലവിൽ സർവീസിൽ തുടരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ വ്യാജ ജാതിസർട്ടിഫിക്കറ്റ് ചമച്ചും എസ്.എസ്.എൽ.സി. ബുക്കിൽ തിരുത്തൽ വരുത്തിയും മറ്റും പട്ടികജാതി വിഭാഗങ്ങൾക്ക് അർഹതപ്പെട്ട ഉദ്യോഗങ്ങൾ തട്ടിയെടുത്ത ഇത്തരക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ? | (ബി) | വ്യാജ ജാതി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് സർക്കാർ ജോലി നേടിയെന്ന ആരോപണത്തിന് വിധേയരായവരെക്കുറിച്ച് സർക്കാരിന്റെ വിദഗ്ധ ഏജൻസിയായ കിർത്താഡ്സ് വിശദമായ നരവംശശാസ്ത്ര പഠന റിപ്പോർട്ട് തയ്യാറാക്കാറുണ്ട്. ഈ റിപ്പോർട്ടിൽ ആരോപണ വിധേയരുടെ മുൻതലമുറക്കാർ, കുടുംബാംഗങ്ങൾ, ബന്ധുക്കൾ ഇവരുടെ ജാതി, വിവാഹബന്ധങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ എന്നിവ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുകയും അതിന് ഉപോൽബലകമായ തെളിവുകളും മറ്റും ശേഖരിച്ചുമാണ് റിപ്പോർട്ട് തയ്യാറാക്കുന്നത്. ഇതിന് സ്വാഭാവികമായ കാലതാമസം ഉണ്ടാകാറുണ്ട്. ഇങ്ങനെ ലഭിക്കുന്ന റിപ്പോർട്ട് സ്ക്രൂട്ടിനി കമ്മിറ്റി വിശദമായി പരിശോധിക്കുകയും ആരോപണ വിധേയർക്ക് നോട്ടീസ് നൽകി അവരെ നേരിൽ കേൾക്കുകയും, അവരുടെ ഭാഗം വിശദീകരിക്കുവാനും തെളിവുകൾ ഹാജരാക്കുവാനും സമയം നൽകുന്നു. ആവശ്യമെങ്കിൽ സാക്ഷികളെ ക്രോസ് വിസ്താരം നടത്തുവാനും അനുവദിക്കാറുണ്ട്. മേൽ വിശദീകരിച്ച നടപടിക്രമങ്ങൾ സമയബന്ധിതമായി പാലിച്ചാണ് ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുത്തുവരുന്നത്. |

സെക്ഷൻ ഓഫീസർ